# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3789 15.05.2017 -ൽ മറുപടിയ്ക്ക്

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലക്കായി സ്ഥലം**

*ചോദ്യം*

ശ്രീ.ടി. വി. ഇബ്രാഹിം :

*ഉത്തരം*

**പ്രൊഫ. സി. രവീന്ദ്രനാഥ്**

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരൂരിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയ്ക്കുവേണ്ടി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥലം അനുയോജ്യമാണോ എന്ന് സർവ്വകലാശാല പരിശോധിച്ചിട്ടുണ്ടോ; പരിശോധിച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. സർവ്വകലാശാല നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾ<br>1. പ്രൊഫ. ടി.പി. സോമസുന്ദരൻ (എൻ.ഐ.റ്റി, കോഴിക്കോട്, ടെക്നിക്കൽ കമ്മിറ്റി അംഗം)<br>2. പ്രൊഫ. ആർ. എസ്. ചന്ദ്രശേഖര നാടാർ (ടെക്നിക്കൽ കമ്മിറ്റി അംഗം)<br>3. ശ്രീ. പി.എസ്. സലാഹുദ്ദീൻ (ടെക്നിക്കൽ കമ്മിറ്റി അംഗം)<br>4. ഡോ. കെ.എം. ഭരതൻ (രജിസ്ട്രാർ ഇൻ ചാർജ്ജ്)<br>5. ഡോ. എം. ശ്രീനാഥൻ (അക്കാദമിക് ഡീൻ)<br>6. ഡോ. ടി. അനിതകുമാരി (സ്റ്റുഡന്റ് വെൽഫെയർ ഡീൻ)<br>7. ശ്രീ. പി. ജയരാജൻ (ലൈബ്രറി കൺസൽട്ടന്റ്)<br>8. ശ്രീ. എൻ മോഹന നാഥ ബാബു (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) |
| (ബി) | തുഞ്ചൻ പറമ്പിന് സമീപത്തു നിന്നും സർവ്വകലാശാല മാറ്റിക്കൊണ്ടു പോകുവാൻ ശ്രമം നടക്കുന്നതായുള്ള | (ബി) & (സി) | മലയാള സർവ്വകലാശാല തിരൂർ തുഞ്ചൻപറമ്പിന്റെ ഭാഗമായല്ല പ്രവർത്തിക്കുന്നത്. വെട്ടം |

| | | | |
|---|---|---|---|
| | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | പഞ്ചായത്തിലെ വാക്കാട് തുഞ്ചൻമെമ്മോറിയൽ കോളേജിന്റെ അഞ്ച് ഏക്കർ സ്ഥലത്താണ് താൽകാലിക കേന്ദ്രം പ്രവർത്തിക്കുന്നത്. തിരൂരിൽ അനുയോജ്യമായ സ്ഥലം എടുക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. |
| (സി) | തുഞ്ചൻ സ്മാരകത്തിന് സമീപം തന്നെ അനുയോജ്യമായ സ്ഥലം കണ്ടെത്തി സർവ്വകലാശാല ആസ്ഥാനം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**